**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **30-01-2024 - ൽ മറുപടിയ്ക്ക്**

**അംഗൻജ്യോതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അംഗൻവാടികളെ ഊർജ്ജ സ്വയംപര്യാപ്തമാക്കാനുള്ള അംഗൻ ജ്യോതി പദ്ധതിയിലേക്ക് സംസ്ഥാനത്തെ എത്ര അംഗൻവാടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതി ഇട്ടിരിക്കുന്നത് . ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ “അംഗൻ ജ്യോതി” എന്ന പേരിൽ പദ്ധതി നടപ്പിലാക്കുകയാണ്.<br><br>അംഗൻ ജ്യോതി പദ്ധതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ 196 അങ്കണവാടികളിലും, ചിറ്റൂർ നിയോജക മണ്ഡലത്തിലെ 226 അങ്കണവാടികളിലും, പദ്ധതിയുടെ ഭാഗമായി നിലവിലെ പാചകം വൈദ്യുത പാചകത്തിലേക്ക് മാറ്റുന്നതിന് വേണ്ടിയുള്ള വിവിധ ഉപകരണങ്ങൾ ഇ.എം.സി നൽകികഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ നെറ്റ് സീറോയ്ക്കായി ഹരിതകേരളം മിഷൻ, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലും ഈ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളുമായി ഇ.എം.സി മുന്നോട്ട് പോവുകയാണ്. |

സെക്ഷൻ ഓഫീസർ